**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 01.02.2024

**കേരള വാട്ടർഅതോറിറ്റി ഓവർസീയർ കൈക്കൂലി വാങ്ങവേ വിജിലൻസ് പിടിയിൽ**

ജലജീവൻ മിഷൻ പദ്ധതിയ്ക്ക് വേണ്ടിയുള്ള പൈപ്പ് കണക്ഷൻ നൽകുന്നതിന് റോഡ് കുഴിക്കുവാനുള്ള അനുവാദത്തിനായി പൊതുമരാമത്ത് വകുപ്പിൽ സമർപ്പിയ്ക്കേണ്ട എസ്റ്റിമേറ്റ് വേഗത്തിൽ തയ്യാറാക്കി നൽകുന്നതിലേയ്ക്ക് കരാറുകാരനിൽ നിന്നും 10000/- കൈക്കൂലി വാങ്ങവേ കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ല കോട്ടക്കുന്നൽ സർക്കിൾ ഓഫീസിലെ ഓവർസീയറായ രാജീവിനെ ഇന്ന് (01.02.2024) വിജിലൻസ് പിടികൂടി.

എസ്റ്റിമേറ്റ് നടപടികൾ വേഗത്തിലാക്കി നൽകുന്നതിന് സമീപിച്ച പരാതിക്കാരനോട് പാലക്കാട് ചിറ്റൂർ സ്വദേശിയായ പ്രതി 10000/- രൂപ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് പരാതിക്കാരൻ ഈ വിവരം മലപ്പുറം യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഫിറോസ് എം. ഷഫീക്കിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (01.02.2024) വൈകിട്ട് ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും കൈക്കൂലി വാങ്ങിയ രാജീവിനെ കൈയ്യോടെ പിടികൂടുകയായിരുന്നു.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി-യെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാറായ ശ്രീ. ജ്യോതീന്ദ്രകുമാർ, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. മോഹനകൃഷ്ണൻ, ശ്രീ. ശ്രീനിവാസൻ, ശ്രീ. സലിം, ശ്രീ. മധുസൂദനൻ, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. സന്തോഷ്, ശ്രീ.ജിപ്സൺ, ശ്രീ. വിജയൻ, ശ്രീ.സുബിൻ എന്നിവരും ഉണ്ടായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.